പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8104 | 17.07.2014- ൽ മറുപടിക്ക് |

ഞാറക്കൽ സർക്കാർ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ജിഡ ഫണ്ട് ഉപയോഗിച്ച് 5 കോടി രൂപയുടെ ഞാറക്കൽ സർക്കാർ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി സർക്കാരിന് മുന്നിൽ എത്തിയിട്ട് എത്ര നാളായി എന്ന് വ്യക്തമാക്കാമോ; | എ) | ജിഡ ഫണ്ട് ഉപയോഗിച്ച് ഞാറയ്ക്കൽ സർക്കാർ ആശുപത്രിയുടെ വികസനം സംബന്ധിച്ച വിഷയം കൈകാര്യം ചെയ്തിട്ടില്ല. |
| ബി) | ചികിത്സായൂണിറ്റുകൾ, ലാബ്, എക്സ്റേ, ഇ. സി. ജി എന്നിവ പോലുള്ള വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ? | ബി) | ലാബ്, ഇ. സി. ജി. എന്നീ സൗകര്യങ്ങൾ ഞാറയ്ക്കൽ ആശുപത്രിയിൽ നിലവിലുണ്ട്. ലാബ് ടെക്നീഷ്യൻ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചയാൾ ജോലിയിൽ പ്രവേശിക്കാത്തതിനാൽ ഒഴിവ് നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചികിത്സാ യൂണിറ്റുകൾ, ലാബ്, എക്സ് റേ, ഇ. സി. ജി,, ബ്ലഡ് ബാങ്ക് മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്തി ന്യൂനതകൾ പരിഹരിച്ച് ഞാറയ്ക്കൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**